LIBRARY ARCHIVES Kerala Legislative Assembly

[Mr. Ponnara G. Sreedhar]

എഴുതിയുണ്ടാക്കേണ്ടതില്ലെന്നും കേട്ടു. അങ്ങനെയാണെങ്കിൽ പിന്നെ നാം നമുക്ക് പ്രത്യേക ഭരണഘടന എഴുതിയുണ്ടാക്കാനെന്നും പറഞ്ഞു നാട്ടുകാരുടെ പണവും നമ്മുടെ സമയവും വെറുതേ കളയേണ്ട ആവശ്യമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. അതുകൊണ്ട് എനിക്ക് ഈ സഭയോട് താഴ്മയായിട്ടപേക്ഷിക്കുവാനുള്ളത് പൊതുജനങ്ങളെ വഞ്ചിക്കാനുള്ള ഈ വിദ്യ ഇനിയെങ്കിലും ഉപേക്ഷിച്ച് തിരുവിതാംകൂർ മഹാരാജാവിനെ നമുക്ക് ആവശ്യമില്ലെന്നു പറഞ്ഞു ഇൻഡ്യൻയൂണിയനിൽ മെർജ് ചെയ്യാൻ തീരുമാനിച്ചിട്ട് ഈസഭയെ പിരിച്ചുവിടണമെന്നാണ്. ഇതുയും പറഞ്ഞുകൊണ്ട് ഈ ബഡ്ജറ്റ് അതേപടി നിരാകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു.

MR. G. RAMACHANDRAN: Sir, I listened very carefully to the arguments put forward by members of the Tamil Nad Congress party and as I listened to them it seemed to me that they had a very good case to oppose the budget. In fact, every single argument they adduced seemed, looking at it from their fundamental point of view, to be perfectly sound. But I am wondering at the same time whether, they are not labouring under some serious misapprehension in regard to the business before the House. They have probably in mind what is happening outside this Representative Body, the vigorous propaganda that is being carried on for a Kerala Province. They have also probably in mind the fact that the leading members of the majority party in this House are closely and actively associating themselves with that propaganda and putting all these together.

MR. T. KOCHUKRISHNA PILLAI (*Kalkulam I—General*): Is that not so?

MR. G. RAMACHANDRAN: Putting all these together, they have a fear in their minds that probably in the end this House and what we are here specially to do may all fade away and give place to another constitution making, to new ideas and other arrangements. But I want them to remember, that the majority party, belonging as it does to the Travancore State Congress which today is a branch of the Indian National Congress, at their annual conference in Nagercoil gave the Tamil Congress friends a solemn assurance and a pledge of honour. That assurance and that pledge of honour, if I understand them, are that when an Aikya Kerala Province materialises, the Tamilians in Travancore will have their right of self-determination.

MR. ABDUL RAZAAK: Sir, does the member know that the Leader of the Party in power has eaten up that assurance or pledge referred to?

MR. G. RAMACHANDRAN: I will answer that presently. In fact I was coming to it. Now that resolution stands; that pledge

LIBRARY ARCHIVES Kerala Legislative Assembly

stands; that word of honour which we have given to our friends of the South stands still now. The only difficulty that has arisen is about the reported utterance to the contrary made by the present Prime Minister. The Council of Ministers has not said so. It is reported that the Prime Minister stated in his Madras speech that the Nagercoil resolution will have to be reconsidered. My memory is, that when Mr. T. K Narayana Pillai was asked about it, he stated that he did not say so. My point is that when the Honourable Prime Minister says that he did not say so or words to that effect, it means clearly that the pledge stands. He did not say that resolution was annulled or would be or should be annulled. So I would suggest that we should take him at his word. He holds a responsible place now and his word must be accepted. The right of self-determination is their birthright. No one can touch it. There is of course the propaganda that is going on for Aikya Kerala. People are entitled to conduct such propaganda. My friend Mr. Balakrishnan Thampi spoke of the Alwaye Conference He seems to suggest that it was not an important Conference. But I hold a different view. The Convention at Alwaye consisted of members of this House and of members of the Cochin Legislature. Therefore when a convention of the members of the Legislatures of the two States met together and made a decision, it cannot be an unimportant matter. It is an important decision and if the people who took it solidly stand up for it, then the matter becomes even more important. I therefore suggest, that here in this Representative Body, while we are discharging the functions entrusted to us we need not now worry too much about the propaganda for a Kerala Province going on outside this House. Let no one feel over-burdened or over-anxious about something which has not materialised. Even supposing a Kerala Province materialises there is this pledge of honour that our whole organisation has given to the Tamil friends in South Travancore. In fact, there again, I have the support of no less distinguished a person than that of the District Congress Committee President *i. e.* Mr. C. Kesavan. He has definitely stated that the Tamilians are free to choose their future place. Now, it is not a concession from any body to anybody. The right of self-determination is the birthright of the Tamil population. I have no doubt that, if ultimately we have a Kerala Province then those who sponsored it must be prepared to admit that the Tamilians have their right of self determination and that they are free to join their brothers and sisters across the frontier and be happy.

MR. P. BALAKRISHNAN THAMPI: May I say at this juncture, may Travancore be protected from Ramachandrans and Kesavans.

MR. G RAMACHANDRAN: I am glad to answer that question. When the honourable member Mr. Thampi wants safety from Ramachandrans and Kesavans in that particular direction, let him remember that there may be so many more Ramachandrans and Kesavans that he will not be safe from any of them. (*Laughter.*)

LIBRARY ARCHIVES Kerala Legislative Assembly

[Mr. G. Ramachandran.]

But Sir, I was saying that we have given this pledge and we stand by it. There is nothing on record anywhere to derogate from or whittle down such a pledge to the Tamil friends of the south. If that is so why should the Tamil friends feel embarrassed. Even when Aikya Kerala comes they are free to choose what they want, because self-determination is their birthright. So let us get along with our own work for which the budget is essential. I would suggest that no extraneous matter should be brought in and allowed to impinge on this discussion of the budget. There is nothing before the House to deter us from carrying on the work.

Therefore, having cleared that particular point I come to the matter on hand, namely that we have to get on with this work and we should do so in all earnestness. Nobody has suggested that we should sit idle. I hope no one will suggest that. We have got to get on with our work. The only trouble seems to be that there is a kind of friendly advice from the Central Government. which I trust will be made known presently by the authorities, that the Central Government have set up a small committee to draw up a model constitution for States including Travancore. It is friendly advice. I admit however that we have to take stock of that as well. Even there, no one has asked us to stop our work.

MR. D. GNANASIGAMONI (*Kalkulam II—General*): Is the advice from the Central Government placed on the Table of the House?

MR. G. RAMACHANDRAN: That has not been done. That was why I qualified the point by saying—I trust I am right—that there is such an advice and those who are competent to elucidate that will, I trust, do so at the proper time. My point is, even if there is such a model constitution, let us get along with our work. We have our own problems. We have many things to consider and if any improvement as regards the constitution could be adapted, we shall take them from the model from New Delhi.

MR. D. GNANASIGAMONI: Will any work we do in this direction be worth the paper on which it is to be written?

MR G. RAMACHANDRAN: I should think it will not be worth anything for those who are desirous of leaving Travancore to join the Tamil Nad. But it will be worth much to those who will remain in Travancore and that is what we are at. I am only saying that there should not be any conflict of interest in this matter. I may suggest to the Tamil friends that while what they say here will be very good political propaganda for their view, it is not going to do any good to obstruct the budget.

MR. PONNARA G. SREEDHAR: വെളിയിൽ ഉള്ളവർ പോകുമ്പോൾ സ്ഥലവുംകൊണ്ടാണോ പോകുന്നത്?

MR. G. RAMACHANDRAN: Not at all. I should call that view a piece of mid-summer madness with which I do not want to

LIBRARY ARCHIVES Kerala Legislative Assembly

associate. Whosoever works on the land will own it. The South Travancore lands belong to the Tamilians and if and when they go, the land will go with them,

Therefore, Sir, to sum up, there is the right of self-determination which the organisation called the State Congress and which to-day is a branch of the Indian National Congress has pledged to the Tamil friends. That word of honour stands untouched. If any talk of violating it comes from any quarter I shall oppose it. Therefore, the Tamil friends should not cause too many difficulties in the way of those who want to get on with the work here. Secondly Aikya Kerala may or may not come. That does not in the slightest way deter us from going on with our work. With these words I support the budget and request the House to accept it.

MR. JOSEPH MALIECKAL : (*Thodupuzha I—General*): I move for closure.

MR. C. NARAYANA PILLAI: (*Mavelikara I—General*) സർ, ഈ പ്രതിനിധിസഭ അതിന്റെ പ്രയോജനത്തെ അതിജീവിച്ചിരിക്കുന്നുവെന്നും, അതുകൊണ്ടു മേലാൽ ഇതു തുടർന്നുകൊണ്ടുപോകേണ്ട ആവശ്യമില്ലെന്നും ഇതു പിരിച്ചുവിടേണ്ടതാണെന്നും ആണ് ഇവിടെനടന്ന വാദങ്ങളുടെ രത്നച്ചുരുക്കം എന്നു ഞാൻ മനസ്സിലാക്കുന്നു. തികച്ചും പുരോഗമനപരമായ ഒരു വാദമാണിതെന്ന് ആരും സമ്മതിക്കും. എന്നാൽ അതിന്റെ അടിയിലേക്ക് ഒന്നു ചുഴിഞ്ഞുനോക്കിയാൽ ചില പിൻതിരിപ്പൻ ശക്തികളും ചില ഒരുദ്ദേശങ്ങളോടുകൂടി ഈ വാദഗോലാഹലങ്ങളും കൊണ്ടുവന്നിരിക്കുന്നതാണെന്നു എളുപ്പത്തിൽ മനസ്സിലാക്കുവാൻകഴിയും. ഇപ്പോൾ ഐക്യകേരളവാദം വളരെയൊക്കെ പുരോഗമിച്ചിരിക്കുന്നു എന്നും, ഈ സഭ രൂപീകരിച്ചപ്പോൾ നിലവിലിരുന്ന പരിതഃസ്ഥിതികളും ആവശ്യങ്ങളുമല്ല ഇന്നുണ്ടായിരിക്കുന്നതെന്നും ആ കാരണത്താൽ ഈ സഭ ഉടനെ പിരിച്ചുവിടേണ്ടതാണെന്നുമാണ് ഇവിടെ അഭിപ്രായപ്പെട്ടു കണ്ടതു്. ഐക്യകേരളവാദത്തെ പരാജയപ്പെടുത്തുന്ന ഒരു ഭീഷണിയായിട്ടാണ് ഈ സഭ പിരിച്ചുവിടണമെന്നു വാദിക്കുന്നതെന്നുള്ളതു നിശ്ചയമാണ്. ഐക്യകേരളവാദത്തെ പരാജയപ്പെടുത്തുന്നതിൻവേണ്ടി അതിനുവേണ്ടി വാദിക്കുന്നവരെ ഭീഷണിപ്പെടുത്താൻ വേണ്ടി കൊണ്ടുവന്നിട്ടുള്ള ഒരു വാദം മാത്രമാണിതു്. എന്താണു ഐക്യകേരളവാദം? തിരുവിതാംകൂറിലെയും കൊച്ചിയിലെയും മലബാറിലെയും ജനങ്ങളിൽ ഒരു വൻപിച്ചവിഭാഗം പ്രകടിപ്പിക്കുന്ന ആവേശം മാത്രമാണ് ഐക്യകേരളവാദം. അവരുടെ ഒരു അഭിലാഷം മാത്രമാണ് ഐക്യകേരളവാദം. അല്ലാതെ, അതു ഒരു യാഥാർത്ഥ്യമായിട്ടില്ല.

MR. P. BALAKRISHNAN THAMPI: Sir, I rise to a point of order. Can this House be allowed to be a forum for Pan-Kerala propaganda.

LIBRARY ARCHIVES Kerala Legislative Assembly

MR C. NARAYANA PILLAI : ഐക്യകേരളവാദത്തിനു് അനുകൂലമോ പ്രതികൂലമോ ആയുള്ള വാദങ്ങളൊന്നുമല്ല ഞാനിവിടെ പറഞ്ഞതു്. ഐക്യകേരളവാദത്തെ പരാജയപ്പെടുത്തുവാനുള്ള ഉദ്ദേശത്തോടുകൂടി ഈ ബഡ്ജറു് തമ്മിലടിപ്പിക്കുമെന്നുള്ള ചിലരുടെ വാദത്തെ ഏറ്റവും ശക്തിയായി എതിർക്കേണ്ടതാണെന്നുണ്ടു ഞാൻ പറയുന്നതു്. ഐക്യകേരളവാദം ഇന്നൊരു യാഥാർത്ഥ്യമല്ല. തിരുവിതാംകൂറിലെയും കൊച്ചിയിലെയും മലബാറിലെയും ജനങ്ങളുടെ ഒരിലാഷംമാത്രമാണതു്. നാളെ ഒരു സർക്കാർ രൂപീകരിക്കുമ്പോൾ ഇപ്പോൾ പിരിച്ചുവിടണമെന്നു പറയുന്നവരിൽ ഞാനുണ്ടായിരിക്കും. ഇന്നു് അതിനുള്ള കാലമായിട്ടില്ല. ഐക്യകേരളം ഒരു യാഥാർത്ഥ്യമായി ഭവിക്കുന്നതു് എപ്പോഴെന്നും എങ്ങനെയെന്നും ഇപ്പോൾ ചിന്തിക്കാവുന്ന കാലമായിട്ടില്ലാ. ആ വിഷയം വരുമ്പോൾ അതുസംബന്ധിച്ചുള്ള എന്റെ അഭിപ്രായം ഞാൻ പറഞ്ഞുകൊള്ളാം. എന്നാൽ ഇവിടെ ഭരണഘടനയുടെ ലക്ഷ്യത്തെപ്പറ്റിയും മറ്റും പ്രതിവാദിക്കേണ്ടിവരുമ്പോൾ ഒരുസംഗതികൂടി നാം ആലോചിക്കേണ്ടതാണു്. ബറോഡായിലെ മഹാരാജാവിനെ പറഞ്ഞയച്ചതു് അവിടത്തെ ജനങ്ങളോടു ചോദിച്ചിട്ടല്ല. അതിനു പരമാധികാരമുള്ള അധികാരശക്തികളാണു് ഇൻഡ്യയിലുണ്ടു്. അതുപോലെ വേണമെങ്കിലും വേണ്ടപോലെ അധികാരമുള്ളവർ ഇവിടെ ഒരു ഐക്യകേരളമുണ്ടാക്കണമെന്നുണ്ടെങ്കിൽ അതു ചെയ്തുകൊള്ളും. അപ്പോൾ തിരുവിതാംകൂറിനും കൊച്ചിക്കും മലബാറിനുംകൂടി ഒരു ഭരണഘടന ഉണ്ടാക്കുകയാണാവേണ്ടതു്. അതിലേക്കു പ്രത്യേകം ഒരു കൺസ്റ്റിറ്റ്യുവന്റ് അസംബ്ലി ഉണ്ടാക്കേണ്ടതാണോ എന്നതെങ്കിലും അഭിപ്രായപ്പെട്ടാൽ അതു എനിക്കു മനസ്സിലാക്കാൻ സാധിക്കും. എന്നാൽ ഉണ്ടു് ആ പ്രശ്നം നമ്മെ അഭിമുഖീകരിക്കുന്നില്ല. ഐക്യകേരളം ഇവിടെ ഒരു യാഥാർത്ഥ്യമായി വന്നിട്ടില്ല. എന്റെ മാന്യ തമിഴ് സ്നേഹിതന്മാർ ഇവിടെ ഒരു തമിഴ്നാടാണു് ആവശ്യമാണെന്നു പറയുകയുണ്ടായി. തെക്കൻതിരുവിതാംകൂറിലെ മൂന്നോ നാലോ താലൂക്കുകളെ പ്രത്യേക നാടായി തിരിഞ്ഞു് മാറി നിൽക്കണം എന്നഭിപ്രായപ്പെട്ടുകണ്ടു. ആ കാരണത്താൽ ഈ പ്രതിനിധിസഭയിൽ തങ്ങൾ ഹാജരാകുന്നതുകൊണ്ടു വലിയ പ്രയോജനമില്ലെന്നു അവർ തീരുമാനിക്കുകയും അതനുസരിച്ചു കുറെക്കാലം അവർ ഈ സഭയിൽ ഹാജരാകാതിരിക്കുകയുംചെയ്തു. പിന്നെ എന്തുകൊണ്ടാണു് അവർ ഈ സഭയിൽ ഇപ്പോൾ ഹാജരായിരിക്കുന്നതു എന്നെനിക്കു മനസ്സിലാകുന്നില്ല.

MR. A. NESAMONY : இந்தசபை வேண்டாமென்று சொல்லத்தான் இங்கே வந்திருக்கின்றோம்

LIBRARY ARCHIVES Kerala Legislative Assembly

MR. C. NARAYANA PILLAI : ഈ പ്രതിനിധിസഭ പിരിച്ചുവിടണമെന്നാണല്ലോ വാദം. ഇവിടെ പറഞ്ഞുകേട്ടതിൽ നിന്നും മനസ്സിലാക്കുവാൻ സാധിക്കും. എന്റെ അഭിപ്രായം ഈ പ്രതിനിധിസഭ ഇപ്പോൾ പിരിച്ചുവിടാൻ കാലമായിട്ടില്ലെന്നാണ്.

തിരുവിതാംകൂറിലെ മന്ത്രിസഭയെ നിയമസഭാഭൂരിപക്ഷം അനുവദിക്കുന്നിടത്തോളം കാലം അധികാരത്തിൽ നിലനിർത്തുന്നതിനുവേണ്ടി ഐക്യകേരളസാമ്രാജ്യത്തിലെ മറ്റൊരു സംസ്ഥാനത്തിലുമില്ലാത്തമാതിരി മഹാരാജാവു തിരുമനസ്സിലെ വിശ്വാസം നാമാധരിച്ചു സംഘടിപ്പിച്ചിരിക്കുന്ന ഈ സഭ പിരിച്ചുവിടാൻ പാടില്ല. ഈ സഭയിലെ മറ്റൊരു നേതാവായ മി. വട്ടം താണുപിള്ള, തന്റെ അഭിപ്രായം അറ്റ്ലീകാബിനറ്റിനെ മാറ്റിവച്ചുനോക്കണമെന്നും, അറ്റ്ലീനിൽ അതിലധികം ഉന്നതശക്തിയിൽ നിന്നുള്ള നിർദ്ദേശം ലഭിച്ചതുകൊണ്ടാണ് ഈ സഭ പിരിച്ചുവിടണമെന്നു അഭിപ്രായപ്പെട്ടതെന്നതിനെപ്പറ്റി ഒന്നും പറയുവാൻ നിവൃത്തിയില്ല. അദ്ദേഹത്തിന്റെ പ്രമേയം അറ്റ്ലീകാബിനറ്റിനെ മാറ്റിവച്ചുനോക്കിയാൽ തന്നെയും ഈ സഭ പിരിച്ചുവിടുന്നതിനോട് എനിക്കു യോജിക്കുവാൻ നിവൃത്തിയില്ല. അദ്ദേഹത്തിന്റെ പ്രമേയം അറ്റ്ലീകാബിനറ്റിനെ മാറ്റിവച്ചാൽ തന്നെയും ഈ സഭ പിരിച്ചുവിടുന്നതിനോട് എനിക്കു യോജിക്കുവാൻ നിവൃത്തിയില്ല. അതിനുള്ള കാരണം അങ്ങനെ ചെയ്യാതെ ഈ ബഡ്ജറ്റ് ഇവിടെ പാസ്സാക്കുകയാണെങ്കിൽ അതൊരു വലിയ മാറുപ്രാപമായിരിക്കുമെന്നുള്ള അഭിപ്രായത്തിനോട് എനിക്കു യോജിക്കുവാൻ നിവൃത്തിയില്ല. പ്രതിനിധിസഭ പിരിച്ചുവിടാനുള്ള സമയമാകുമ്പോൾ, നമുക്കു തെരഞ്ഞെടുപ്പുവേണമോ എന്നതു നാം നിശ്ചയിക്കുമ്പോൾ, തിരുവിതാംകൂറും കൊച്ചിയും മദ്രാസുംകൂടി ഒന്നായിത്തീരുമ്പോൾ, നമുക്കു ഈ സഭ പിരിച്ചുവിടുന്നതാണ്. ഇപ്പോൾ ഈ സഭ പിരിച്ചുവിടേണ്ടകാര്യമില്ല, അതിനാൽ ഈ ബഡ്ജറ്റ് നാമെപടി പാസ്സാക്കേണ്ടതു അത്യാവശ്യമാണെന്നതാണ്.

MR. PUNNARA G. SREEDHAR : അപ്പോഴേക്കും എന്താണ് ഈ സഭയുടെ ജോലി?

MR. P. M. VARGHESE : സർ, ഈ പ്രതിനിധി സഭയിലേക്ക് വിവേകമുള്ള സമ്മതിദായകന്മാർ തിരഞ്ഞെടുത്തയച്ചിട്ടുള്ള മെമ്പറന്മാരാണുള്ളതെന്നാണ് ഞാൻ ധരിച്ചിരിക്കുന്നത്. എന്നാൽ ഇന്ന് ഈ പ്രതിനിധിസഭയെ പിരിച്ചുവിടണമെന്നു വാദിക്കുന്നവർ ഉന്നയിക്കുന്ന ന്യായങ്ങൾവച്ചുനോക്കുമ്പോൾ നമ്മുടെ വിവേകത്തെ എവിടെയെങ്കിലും മാറിവച്ചിട്ടുണ്ടോ ഇവിടെ വന്നിരിക്കുന്നതെന്നു തോന്നിപ്പോകും. ഏതു സഭയ്ക്കും ഏതു രാജ്യത്തും അഭിപ്രായവ്യത്യാസമുണ്ടാകുമെന്നുള്ളതു തീർച്ചയാണ്. നമ്മുടെ അഭിപ്രായവ്യത്യ

LIBRARY ARCHIVES Kerala Legislative Assembly

[Mr P. M. Varghese]

മനസ്സുകൊണ്ട് ഈ പ്രതിനിധിസഭയെ തിരഞ്ഞെടുക്കുന്നതിനും ഇവിടത്തെ ഭരണഘടന സൃഷ്ടിക്കുന്നതിനും തീരുമാനിച്ചപ്പോൾ ഇവിടെ ആക്കും ഒന്നിനും അഭിപ്രായവ്യത്യാസമുണ്ടാകയില്ല എന്ന അഭിപ്രായം അദ്ദേഹത്തിനുണ്ടായിരുന്നില്ല. ഇന്ന് തമിഴനാട്ടുകാർ ഒരു വശത്തും ഐക്യകേരളവാദക്കാർ വേറൊരുവശത്തും നിന്നുകൊണ്ടു വാദകോലാഹലങ്ങൾ നടത്തുന്ന ഒരു കാലമാണിത്. ഈ ഘട്ടത്തിൽ ഇവിടെ ഈ സഭ വേണ്ട, അതു പിരിച്ചുവിടണം എന്നു പറയുന്നതിന്റെ അർത്ഥം എനിക്കു മനസ്സിലാക്കുവാൻ സാധിക്കുന്നില്ല. ഏതു കാര്യത്തിലും എന്നപോലെ ഈ കാര്യത്തിലും ധാരാളം അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാകാം. ആ അഭിപ്രായവ്യത്യാസങ്ങൾ എല്ലാം നീക്കി ഐകകണ്ഠ്യപ്പെടുത്തുന്നതിനായിരിക്കണം നമ്മുടെ പ്രയത്നം. ഈ സഭ കുറച്ചുനാളത്തേക്കു മാറ്റിവച്ചാൽ തരക്കേടില്ലെന്നും അങ്ങനെ ചെയ്യാത്തപക്ഷം ഈ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ള തുകയ്ക്കു ദുർവ്യയം വന്നു പോകുമെന്നും മുൻപ്രധാനമന്ത്രിയായിരുന്ന ബഹുമാനപ്പെട്ട മെംബർ ഇവിടെ പ്രസ്താവിച്ചുകേട്ടു. ശരിയാണ് വലിയ ചില പദ്ധതികൾ തുടങ്ങുമ്പോൾ ചില നഷ്ടങ്ങളൊക്കെവരും. പള്ളിവാസൽ പദ്ധതി നാം ആരംഭിച്ചു. അതിന്റെ ആരംഭകാലത്തു് ഏകദേശം രണ്ടുകോടിരൂപയുടെ നഷ്ടമാണു നമുക്കുണ്ടായതു്. അങ്ങനെ നഷ്ടം വന്നതുകൊണ്ടു ആപദ്ധതി ഉടനെ മാറ്റിവയ്കണമെന്നു നാം ആരും പറഞ്ഞില്ല. കൂടുതൽപണം ചെലവുചെയ്തു ആ പദ്ധതിയെ വിജയിപ്പിക്കുവാനാണ് ശ്രമിച്ചതു്. അതാണ് ബുദ്ധിപൂർവ്വകമായ പ്രവൃത്തി. നോക്കുക ഇൻഡ്യൻനാഷണൽ കാൺഗ്രസ്നേതാക്കന്മാർ തുടക്കം എതിർത്തിട്ടും പാകിസ്ഥാൻ മുസ്ലിംങ്ങൾ സമ്പാദിക്കുക തന്നെചെയ്തു. അതുപോലെ ചില പ്രതിബന്ധങ്ങൾ ഇങ്ങനെയുള്ള വൻകാര്യങ്ങൾക്കു ഉണ്ടാകുമെന്നുള്ളതു് സ്വാഭാവികമാണു. അവയെ നാം ക്ഷമയോടുകൂടി അഭിമുഖീകരിക്കുകയാണു വേണ്ടതു്. ഈ പ്രതിനിധിസഭ മാറ്റിവയ്ക്കുവാനുള്ള കാരണമെന്തെങ്കിലും ഉണ്ടായാൽ, എന്തെങ്കിലും അവിചാരിത സംഭവങ്ങൾ ഉണ്ടായാൽ അതുംവിധത്തിൽ വിവേകത്തോടുകൂടി നാം അതിനെ നേരിടുകയാണു വേണ്ടതു്. അവിടെയും ഇവിടെയും പ്രക്ഷോഭണം ഉണ്ടെന്നുവച്ചു ഈ സഭ ഉടനെ പിരിച്ചുവിടണമെന്നു പറയുന്നതു് കേവലം മൗഢ്യമാണെന്നേ എനിക്കു പറയുവാനുള്ളൂ. അതിലേക്കു കൊണ്ടുവന്നിട്ടുള്ള ന്യായങ്ങളും നീതീകരിക്കത്തക്കതല്ല. ആ ന്യായങ്ങൾ തെളിയിക്കപ്പെട്ടിട്ടുമില്ല. നമുക്കു എന്തെങ്കിലും അഭിപ്രായവ്യത്യാസമുണ്ടെങ്കിൽ അതു

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞു തീർക്കുന്നതിനും ഈ സഭ അത്യാവശ്യമാണ്. വാസ്തവത്തിൽ നമ്മുടെ അഭിപ്രായവ്യത്യാസങ്ങൾ പറഞ്ഞുതീർക്കുന്നതിനുള്ള ഏറ്റവും ന്യായമായ മാർഗ്ഗം കണ്ടു പിടിക്കുക എന്നുള്ളതാണ് ഈ സഭ പിരിച്ചുവിടുന്നതിനേക്കാൾ ബുദ്ധിപൂർവമായ പ്രവൃത്തിഎന്നുകൂടി ഞാൻ ഈ അവസരത്തിൽ പറഞ്ഞുകൊള്ളട്ടെ.

MR. PRESIDENT : മി. ജോസഫുമാളിയേക്കൽ ഇതിന്റെ വാദപ്രതിവാദം അവസാനിപ്പിക്കണമെന്ന ഒരു ക്ലോഷർമോഷൻ ഇവിടെ കൊണ്ടുവന്നിട്ടുണ്ട്. ആ അഭിപ്രായത്തോട് സഭ അനുകൂലിക്കുന്നുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

(ക്ലോഷർമോഷൻ വോട്ടിനിടുകയും പാസ്സാക്കുകയും ചെയ്തു)

MR, A, NESAMONY :—: Sir, I demand a poll.

AYES 80.

1 Mr. T. A. Abdulla
2 „ V. A. Abdul Aziz
3 „ Abdul Majeed
4 Miss. Accamma Cheriyan
5 Mr. Adichan (Chennan)
6 „ (Krishnan) Aiyappan
7 „ Alexander Vakayil
8 „ R. Atchuthan
9 „ Kochikal P. Balakrishnan Thampi
10 „ E. Bhaskaran
11 „ P. Chacko
12 „ P. T. Chacko
13 „ G. Chandrasekhara Pillai
14 „ K. M. Chandy
15 „ K. K. Chellappan Pillai
16 „ Cheriyan J. Kappan
17 Dr. M. O. Cheriyan
18 Mrs. Devaki Gopidas
19 Mr. T. V. Devan
20 „ Kapen Arakkal
21 „ A. Easwara Pillai
22 Hon'ble K. R. Elankath
23 Mr. K. A. Gangadhara Menon
24 „ V. Gangadharan Nair
25 „ P. C. George
26 „ P. Gopalan
27 „ Mannar Gopalan Nair
28 „ Kannara Gopala Panicker
29 „ M. Govindan
30 Hon'ble A. J. John
31 Mr. A. V. Joseph
32 Mr. K. S. Joseph
33 „ Joseph Malieckal
34 „ C. Kesavan
35 „ T. T. Kesavan Sastri
36 „ N. S. Kochukunju
37 „ D. Krishnan Potti
38 „ P. K. Kumaran Asari
39 „ P. Kunjukrishnan
40 Hon'ble N. Kunjuraman
41 Mr. Kuttan (Sankaran)
42 „ Kuttappan (Kochayyappan
43 Hon'ble E. K. Madhavan
44 Mr. Mankuzhi M. Madhavan
45 „ V. Madhavan
46 „ Majid Marikar
47 Hon'ble V. O. Markos
48 Mr. K. A. Mathew
49 „ M. C. Mathew
50 „ Mohammed Mustafa
51 „ P. S. Muhammed
52 „ P. Nanoo
53 „ Narayanan (Chittonpullan)
54 „ C. Narayana Pillai
55 Hon'ble T. K. Narayana Pillai
56 Mr. G. P. Nilakanta Pillai
57 „ M. Pappu
58 „ Paul Thaliath
59 „ Poulose (Pylee)
60 „ Philipose Muthalaly
61 „ G. Ramachandran
62 „ K. Ramachandran
63 „ K. Ramakrishna Pillai

LIBRARY ARCHIVES Kerala Legislative Assembly

64 Mr. P. K. Raman
65 „ Raman Pillai (Madhavan Pillai)
66 „ A. Ramasubramonia Karayalar
67 „ Raphael J. Rodriguez
68 „ Sankaran Nadar
69 „ Pandavathu Sankara Pillai (Narayana Pillai)
70 „ K. Sarangadharan
71 Mr. K. Sekhara Panicker
72 „ S. Sivaraman Asari
73 „ A. P. Udayabhanu
74 „ Varghese Augustin
7 „ P. M. Varghese
76 „ N. P. Varghese
77 „ M. Varkey
78 „ U. K. Vasudevan Asari
79 „ T. M. Varghese
80 „ V. K. Varughese

NOES—18.

1 Mr. A. Abdul Razak
2 „ S. Ambrose
3 „ Chellaswami Nadar
4 „ A. Chidambara Natha Nadar
5 „ Sree V. Das
6 „ Elias (Mary Antony)
7 „ Gabriel Nadar
8 „ D. Gnanasigamoni
9 „ T. Kochukrishna Pillai
10 Mr. T. A. Moideen Kunju
11 „ A. Nesamony
12 „ A. K. Patchu Pillai
13 „ D. Ponniah
14 „ R. K. Ram
15 „ Sadasivan
16 „ K. Sivarama Pillai
17 „ Ponnara G. Sreedhar
18 „ P. Thanulingom Nadar

NEUTRALS—11.

1 Mr. P. K. Krishnan Sastri
2 „ P. S. Nataraja Pillai
3 „ S. Nilakanta Aiyar
4 „ K. P. Nilakanta Pillai
5 „ Mannathu Padmanabha Pillai
6 Mr. K. Ramakrishna Achari
7 „ K. N. Sankunni Pillai
8 „ A. Thanu Pillai
9 „ P. V. Urumese Tharakan
10 „ Kalathil Velayudhan Nair
11 „ Wilson Peter

MR. PAUL THALIAT (*Parur III—General*) : സർ, അഡ്വൈസറിക്ക മ്മറിയുടെ റിപ്പോർട്ട് ഇതുവരെ എനിക്ക കിട്ടിയിട്ടില്ല. അങ്ങനെ ചില മെമ്പറന്മാക്ക് ഈ റിപ്പോർട്ടിന്റെ കോപ്പി കിട്ടാതിരിക്കുന്ന നിലയ്ക്ക് എങ്ങനെയാണ് ഈ റിപ്പോർട്ടിനെപ്പറ്റി ഇവിടെ ചർച്ച ചെയ്യുന്നതു എന്നു ഞാൻ ചോദിക്കുന്നു. അതുകൊണ്ടു ഈ റിപ്പോർട്ടിന്റെ ചർച്ച നീട്ടിവയ്ക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

MR. PRESIDENT : റിപ്പോർട്ട് എല്ലാ മെമ്പറന്മാക്കും അയച്ചുകൊടുത്തിട്ടുണ്ട്.

MR. PAUL THALIAT : എനിക്ക ഇതുവരെ കിട്ടിയിട്ടില്ല. പലക്കും ഇന്നലെയാണു കിട്ടിയതു. വളരെ കവർകം ജൂബിലിടൗൺഹാളിൽ ചിതറിക്കിടക്കുന്നതുകണ്ടു. ഞങ്ങൾ എല്ലാ മെമ്പറന്മാരും ഇവിടത്തെ മേൽവിലാസം ആഫീസിൽ കൊടുത്തിട്ടുള്ള നിലയ്ക്ക് ഈ റിപ്പോർട്ട് ജൂബിലിടൗൺഹാളിൽ അയയ്ക്കേണ്ട ആവശ്യമില്ലായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. PRESIDENT: ജൂബിലിടൗൺഹാളിന്റെ മേശമേൽ ഇട്ടിട്ടുള്ള കവറുകൾ മെമ്പറന്മാർക്ക് അയച്ചിട്ടുള്ളതായ നിലയിൽ ഗണിക്കേണ്ട ആവശ്യമില്ല. എല്ലാ മെമ്പറന്മാർക്കും അഡൈ്വസറിക്കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിയിട്ടില്ല എന്നു പറയുന്നതു ശരിയാണെങ്കിൽ വാസ്തവത്തിൽ ഞാൻ അതിൽ വ്യസനിക്കുന്നു. ചില വിഷമതകൾകൊണ്ടു അതു തക്കസമയത്തു അച്ചടിച്ചുകിട്ടാൻ സാധിച്ചില്ല. വളരെ ധൃതഗതിയിലാണു ആ റിപ്പോർട്ട് അച്ചടിപ്പിച്ചതു്. അതിനാൽ ബഹുമാനപ്പെട്ട മെമ്പറന്മാർക്കു നേരത്തെ അയയ്ക്കുവാൻ സാധിച്ചില്ല. ആ കാരണത്താൽ ഈ റിപ്പോർട്ടിനെപ്പറ്റിയുള്ള ചർച്ച മാറ്റിവയ്ക്കണമെന്നാണു സഭയുടെ അഭിപ്രായമെങ്കിൽ അങ്ങനെ ചെയ്യുന്നതിനു വിരോധമില്ല.

MR. A. NESAMONY : There is no resolution before the House that the matter must be adjourned for considaration. I believe it is not a matter to be moved from the Chair, that the matter should be adjourned. I am sorry that the Chair has taken the responsibility of moving an adjournment motion.

MR. PRESIDENT : ഞാൻ അങ്ങനെ പറഞ്ഞതു് ഈ സഭയുടെ അഭിപ്രായം എന്താണെന്നു അറിയുവാൻ വേണ്ടിയാണു്. റിപ്പോർട്ട് കിട്ടിയിട്ടില്ല എന്നുള്ള കാരണത്തിന്മേൽ ഇതിനെ സംബന്ധിച്ചുള്ള ചർച്ച മാറ്റിവയ്ക്കാമെന്നാണു സഭയുടെ അഭിപ്രായമെങ്കിൽ എനിക്കു അതിൽ വിരോധമില്ലെന്നു മാത്രമാണു ഞാൻ പറഞ്ഞതു്.

MR. P. S. MUHAMMED (*Muvattupuzha I—Muslim*) : റിപ്പോർട്ട് സമയത്തിനു കിട്ടിയിട്ടില്ല എന്നു ഒരു ന്യൂനപക്ഷം പറയുകയാണെങ്കിൽ തന്നെയും അവർക്കു റിപ്പോർട്ട് കിട്ടുന്നതിനുള്ള സൗകര്യം നൽകേണ്ടതല്ലയോ?

MR. PRESIDENT : എല്ലാവർക്കും റിപ്പോർട്ട് കിട്ടാനുള്ള അവകാശമുണ്ടു്. സെക്രട്ടറിയോടു ചോദിച്ചതിൽ അദ്ദേഹം പറഞ്ഞതു എല്ലാവർക്കും റിപ്പോർട്ട് അയച്ചിട്ടുണ്ടെന്നാണു്. അതുകൊണ്ടുതന്നെയും യാദൃശ്ചികമായി റിപ്പോർട്ട് കിട്ടാതെ വന്നിട്ടുണ്ടെങ്കിൽ ഞാൻ മുൻപു പറഞ്ഞതുപോലെ അതു ധൃതഗതിയിൽ റിപ്പോർട്ട് അയച്ചിട്ടുള്ളതുകൊണ്ടു മാത്രമായിരിക്കും. ഏതായാലും ആ കാരണംകൊണ്ടു ഇതിന്റെ ചർച്ച മാറ്റിവയ്ക്കണമെന്നു് സഭയ്ക്കു അഭിപ്രായമുണ്ടെങ്കിൽ മാറ്റിവയ്ക്കാം.

MR. K. VELAYUDHAN NAIR (*Changanacherry II—General*) : റിപ്പോർട്ട് കിട്ടിയിട്ടില്ല എന്നുള്ള കാരണത്താൽ മാത്രമെ മാറ്റിവയ്ക്കാൻ പാടുള്ളോ? റിപ്പോർട്ട് ഇന്നലെ മാത്രം കിട്ടിയതുകൊണ്ടു അതേപ്പറ്റി പഠിക്കുവാൻ സാധിച്ചില്ല എന്ന കാരണത്തിൻപേരിലും മാറ്റിവയ്ക്കരുതോ?

LIBRARY ARCHIVES Kerala Legislative Assembly

MR. PRESIDENT : മാറ്റി വയ്ക്കാം.

The question that the consideration of the report of the Advisory Committee is to be adjourned was put to vote and carried.

MR. PRESIDENT : The next item in the agenda is the consideration of the letter from the Secretary, Constituent Assembly, Mysore regarding the evolution of a model Constitution for the accceding States.

MR. K. P. NILAKANTA PILLAI: Can a letter which has not been circulated among the members be taken up ?

MR. ABDUL RAZAAK : May I know from whom that letter was received, by whom it was received and on whose behalf it was received ?

MR. PRESIDENT : ആ ലറ്റർ മി. രാമകൃഷ്ണപിള്ള വായിക്കും. സ്റ്റാൻറിംഗ് കമ്മറ്റിയുടെ തീരുമാനം അനുസരിച്ചാണ് ഈ വിഷയം അജൻറായിൽ കൊള്ളിച്ചിട്ടുള്ളത്. ഈ സഭക്കു ഇതിനെപ്പറ്റി കൂടുതൽ ഒന്നും അറിയാൻ നിവൃത്തിയില്ല.

MR. A. NESAMONY: The previous ruling that was given by the Chair was that, because the reports were not in the hands of a few members it was not possible to take it up for consideration. It was universally said that no opportunity had been given to study the letter. Is it in order to proceed without this letter being distributed among the members ? The Chair has already ruled that the report of the Advisory Committee could not be considered as members were not in possession of the report.

MR. PRESIDENT : മുൻപു ഞാൻ അങ്ങനെയൊരംശം ചെയ്തതു ബഹുമാനപ്പെട്ട മെമ്പറന്മാരുടെ അഭിപ്രായപ്രകാരമാണ്. ഇപ്പോഴും ലറ്ററിൻറെ കാപ്പി കിട്ടാത്തതുകൊണ്ടു ഇതിൻറെ പര്യാലോചന മാറ്റിവയ്ക്കണമെന്നാണു സഭയുടെ അഭിപ്രായമെങ്കിൽ അങ്ങനെ ചെയ്യുന്നതിനു എനിക്കു വിരോധമില്ല.

The question that the consideration of the letter is to be adjourned was put and carried.

MR. PRESIDENT : Resolution by Mr. A. Thanu Pillai :

MR. A. THANU PILLAI : സർ, ഞാൻ ഈ പ്രമേയം മൂവ് ചെയ്യുന്നതിനു മുമ്പായി ഡ്രാഫ്റ്റിംഗ് കമ്മിറ്റിക്കുവേണ്ടിയാണ്. ഡ്രാഫ്റ്റിംഗ് കമ്മിറ്റി ഇങ്ങനെ ഒരു റസല്യൂഷൻ ഈ സഭയിൽ മൂവ് ചെയ്യണമെന്നു തീരുമാനിച്ചു. അതനുസരിച്ചു ഡ്രാഫ്റ്റിംഗ് കമ്മിറ്റിയുടെ ചെയർമാനായ എന്നെ അതിലേക്കു ചുമതലപ്പെടുത്തുകയും ഞാൻ ഈ പ്രമേയം ഇവിടെ മൂവ് ചെയ്യുകയും ചെയ്യുന്നു.

(Cries that the speech is not audible)

LIBRARY ARCHIVES Kerala Legislative Assembly

MR. A THANU PILLAI : It is not for a member to ask me to speak louder. It is for the Chair to ask me to do something.

MR. A. NESAMONY: I request the Chair to order the member to go to the microphone and speak.

MR. PRESIDENT : I would like the honourable member to go to the platform and address.

MR. A. THANU PILLAI : ആ കൺസഷൻ മന്നം എനിക്ക് വേണമെന്നില്ല. മറുള്ളവർ ഞാൻ സംസാരിക്കുന്നത് കേൾക്കുന്നില്ല എന്ന സാധാരണ പറയാറുണ്ട്. ഇന്നിവിടെ പത്തോ പതിനഞ്ചോ പേർ സംസാരിച്ചു. അതിൽ രണ്ടുമൂന്നുപേർ സംസാരിച്ചതല്ലാതെ മറ്റാരും പറഞ്ഞതൊന്നും എനിക്കു കേൾക്കാൻ സാധിച്ചില്ല. അതുകൊണ്ടാണ് ഞാനും പ്രസംഗിക്കാൻ തുടങ്ങിയപ്പോൾ പതുക്കെ സംസാരിച്ചത്.

PRESIDENT : മെംബറന്മാർക്ക് നിർബന്ധമുണ്ടെങ്കിൽ പ്ലാറ്റുഫാറത്തിൽ വന്നുനിന്നു പറയാനുള്ള സ്വാതന്ത്ര്യം ഞാൻ നൽകുന്നതാണ്. പലരും ഇവിടെ സംസാരിച്ചു, ഇത് ഒരു പ്രധാനപ്പെട്ട സംഗതിയെ സംബന്ധിച്ചുള്ള ഒരു പ്രസ്താവനയാണെന്നും എല്ലാ അംഗങ്ങൾക്കും കേൾക്കുന്നതിനു താല്പര്യമുണ്ടെന്നും ഉള്ളതുകൊണ്ട് അദ്ദേഹം ഇവിടെ വന്നുനിന്നു പറഞ്ഞാൽ കൊള്ളാം. അതിനു വേണ്ട സമയവും ഉണ്ട്.

MR. G. RAMACHANDRAN: Will the three clocks show the time exactly?

MR. PRESIDENT: Will Mr. Thanu Pillai move the resolution?

MR. A. THANU PILLAI: I do move the resolution.

MR. P. BALAKRISHNAN THAMPI: Which time have we to follow?

MR. A. THANU PILLAI: According to both of them, it is one o'clock.

MR. PRESIDENT: There is a clock in front of me and I generally follow that.

MR. A. THANU PILLAI : ഞാൻ ഇവിടെ ഹാജരാക്കാൻ ഉദ്ദേശിക്കുന്ന പ്രമേയം ഇതാണ്.

"This House resolves that the constitution of Travancore shall be such that the State may fit in with the Sovereign Democratic Republic that India is to be and that the form of Government in Travancore shall be that of a Constitutional Monarchy deriving sanction from the will of the people, His Highness the Maharaja being the Head of the State and the upholder of the constitution."

ഈ പ്രമേയം ഇവിടെ ഇംഗ്ലീഷിൽ കൊണ്ടുവന്നതുകൊണ്ട് ക്ഷമിക്കണം. നിവൃത്തിയുള്ളിടത്തോളം മലയാളത്തിൽ തർജ്ജിമചെയ്തു കൊടുക്കണമെന്ന നിർബന്ധമുണ്ട്. അത് പ്രൊസെന്റേറ്റീവു ബാഡിയിൽ നിന്നും.....

LIBRARY ARCHIVES Kerala Legislative Assembly

Mr. A. Thanu Pillai.]

The House adjourned for lunch at 1 P. M.

The House reassembled after lunch at 2 P. M. with the Hon'ble President in the Chair.

(Mr. A. Thanu Pillai commenced his speech.)

MR. D. GNANASIGAMONY : On a point of order. After the President has asked the hon'ble member to go to the mike and speak, is it proper on the part of the member to speak from where he is?

MR. PRESIDENT: I did not rule like that. If the hon'ble member likes to come to the mike, he can very well do so.

MR. A. THANU PILLAI: I will be content to remain here and speak.

ഒരു പരമാധികാരജനകീയ റിപ്പബ്ലിക്കാകാൻ പോകുന്ന ഇൻഡ്യക്കു അനുയോജ്യമായി ഈ സംസ്ഥാനം ഭാവിക്കുത്തക്കവണ്ണം തിരുവിതാംകൂർ ഭരണഘടന രൂപീകൃതമായിരിക്കണമെന്നും തിരുവിതാംകൂർ ഗവണ്മെൻറിന്റെ രൂപം മഹാരാജാവുതിരുമനസ്സുകൊണ്ടു സംസ്ഥാനത്തിന്റെ മേധാവിയും ഭരണഘടനയുടെ അധിനായകനുമായിരിക്കേ ജനങ്ങളുടെ ഇച്ഛാശക്തിയിൽനിന്നും അധികാരം സിദ്ധിക്കുന്ന ഒരു വ്യവസ്ഥാപിത രാജവാഴ്ചയായിരിക്കണമെന്നും ഈ സഭ തീരുമാനിക്കുന്നു.

ഈ പ്രമേയം ഫ്രമർ മകരം ഫനു-ാംനു- ക്രുടിയ Drafting Committee പാസ്സാക്കിയതാണു്. ആ ഡ്രാഫ്റ്റിംഗ്സ് കമ്മിറ്റി മീറ്റിങ്ങിൽ കമ്മറ്റി ചെയർമാനായ എന്നെക്രുടാതെ, മെസ്സേഴ്സ്, നേശമണി, എ പി. ഉദയഭാനു, ടി. എ. അബ ദുള്ള, വി. ഐ. മാക്കോസു ഇതുയും മെമ്പറന്മാരും ഹാജരുണ്ടായിരുന്നു. ഈ ഹാജരുണ്ടായിരുന്ന അംഗങ്ങളിൽ മി. അബ്ദുള്ള ഈ മാതിരി ഒരു പ്രമേയം വേണ്ടെന്നു മാത്രമല്ല ഈ ഡ്രാഫ്റ്റിംഗ്സ് കമ്മിറ്റി അതിന്റെ ജോലിതന്നെ നിത്തിവയ്ക്കണമെന്നും അഭിപ്രായപ്പെട്ടു. അതിനു കാരണമായി പറഞ്ഞതു് ഇൻഡ്യാഗവണ്മെൻറിൽനിന്നും ഒരു കമ്മിറ്റിയെ, അതായതു് അതിന്റെ സ്റ്റേറ്റസ് മിനിസ്ട്രി ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടെന്നും ആ കമ്മിറ്റിയെ നാട്ടുരാജ്യങ്ങൾക്കു് മാതൃകാഭരണഘടന എഴുതാൻ ചുമതലപ്പെടുത്തി ചിരിക്കയാണെന്നും അതിന്റെ ജോലി പൂർത്തിയായി ആ മാതൃകാഭരണഘടന ഇവിടെ വരുന്നതുവരെ ഈ ഡ്രാഫ്റ്റിംഗ് കമ്മിറ്റി ജോലിചെയ്യാതെയിരിക്കയാണു് വേണ്ടതെന്നും ആണു്. എന്നാൽ മറ്റംഗങ്ങൾ അതു സമ്മതിച്ചില്ല. വിശേഷിച്ചും മി. നേശമണി ബലമായി അഭിപ്രായപ്പെട്ടതു് ഇന്നു തിരുവിതാംകൂറിന്റെ ഭാവിയെപ്പറ്റി ചില സംശയങ്ങൾക്കും വകയുണ്ടാകത്തക്കവണ്ണം ഭിന്നങ്ങളായ

LIBRARY ARCHIVES Kerala Legislative Assembly

അഭിപ്രായങ്ങളും നാട്ടിലുണ്ടെന്നും ഈ പ്രതിനിധിസഭയിലെ പല മെമ്പറന്മാരും തന്നെ തിരുവിതാംകൂർ അടുത്ത ഭാവിയിൽ ഐക്യകേരളത്തിൽ ലയിക്കുമെന്നും, പക്ഷെ കൊച്ചിയും തിരുവിതാംകൂറും ഒന്നാകുമെന്നും അഭിപ്രായപ്പെട്ടുവെന്നും അതിനും പുറമേ മദ്രാസിലെ ചില ഡിസ്ട്രിക്റ്റുകളുമായി ചേർന്ന തിരുവിതാംകൂറും കൊച്ചിയും മലബാറും ഉൾപ്പെട്ട ഒരു ദക്ഷിണേൻഡ്യൻ പ്രാവിൻസ് ഉണ്ടാകാനിടയുണ്ടെന്നും ഇങ്ങനെ പല അഭിപ്രായങ്ങളും പ്രചരിച്ചുകൊണ്ടിരിക്കുമ്പോൾ എന്താണ് ഈ പ്രതിനിധിസഭയുടെ അഭിപ്രായമെന്നെങ്കിലും വ്യക്തമാക്കാതെ ഡ്രാഫ്റ്റിംഗ് കമ്മിറ്റിയുടെ ജോലി ചെയ്യുന്നത് ശരിയല്ലെന്നും മി. നേശമണി പറഞ്ഞു. എന്നാൽ എല്ലാ അംഗങ്ങളും ഈ അഭിപ്രായത്തോട് യോജിച്ചില്ല. അതുകൊണ്ട് മി. നേശമണി ആവശ്യപ്പെട്ടതു എന്താണ് ഈ പ്രതിനിധിസഭയുടെ നിലയെന്നു വ്യക്തമായി നമുക്കറിയണമെന്നായിരുന്നു. ഈ പ്രതിനിധിസഭയിൽനിന്നും ഒരു ഡ്രാഫ്റ്റിംഗ് കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. ഒരു ഭരണഘടനയുടെ ഡ്രാഫ്റ്റ് തയാറാക്കി റെപ്രസന്റേറ്റീവുബാഡിക്ക് സമർപ്പിക്കുന്നതിനായിട്ടാണ് കമ്മിറ്റിയെ നിയമിച്ചിട്ടുള്ളത്. അതിന്റെ ഉദ്ദേശം പ്രധാനമായ തത്വങ്ങളെ സംബന്ധിച്ചിടത്തോളം എന്തു നിലയാണ് ഈ റെപ്രസന്റേറ്റീവുബാഡി സ്വീകരിക്കേണ്ടതെന്നു കാണിച്ച് പ്രമേയരൂപം ഹാജരാക്കി ഈ റെപ്രസന്റേറ്റീവുബാഡിയുടെ അഭിപ്രായങ്ങളും ആപ്പോഴപ്പോൾ അറിഞ്ഞു ഭരണഘടനയുടെ ഡ്രാഫ്റ്റ് എഴുതിയുണ്ടാക്കണം. അതാണ് ഈ കമ്മിറ്റിയുടെ ജോലി. ഈ കമ്മിറ്റി ഉണ്ടാക്കിയതോടുകൂടിതന്നെ ഒരു അഡ്വൈസറി കമ്മിറ്റിയെയും നിയമിച്ചു. പ്രാഥമിക പൗരാവകാശങ്ങളും സംബന്ധിച്ചും ന്യൂനപക്ഷങ്ങളുടെ അവകാശം സംരക്ഷിക്കുന്നതു സംബന്ധിച്ചും വേണ്ട ആലോചനകളും നടത്തി റിപ്പോർട്ട് സമർപ്പിക്കാനാണ് അഡ്വൈസറി കമ്മിറ്റിയെ നിയമിച്ചതു്. അഡ്വൈസറികമ്മിറ്റിയുടെ റിപ്പോർട്ട് ഇവിടെ വന്നിട്ടുണ്ട്, ഇന്നു അതു ആലോചനയ്ക്കുവന്നു. എന്നാൽ എല്ലാവർക്കും അതിന്റെ പ്രതികൾ നേരത്തെ കിട്ടിയില്ല എന്ന കാരണത്താൽ ആ റിപ്പോർട്ടിനെക്കുറിച്ചുള്ള പര്യാലോചന മാറ്റിവച്ചു. ഞാൻ പറഞ്ഞു വരുന്നതു ഡ്രാഫ്റ്റിംഗ് കമ്മിറ്റിയുടെ രൂപീകരണം നോക്കിയാൽ അതിന്റെ ജോലി തുടർച്ചയായി ചെയ്തുകൊണ്ടുപോകയാണ് വേണ്ടതെന്നാണ്. ബഹിർസ്ഥിതങ്ങളായ സംഗതികൾ കണക്കിനിയമപരമായി അതിന്റെ ചുമതല സംബന്ധിച്ചും ന്യായമായ മാർഗ്ഗങ്ങൾ പ്രതിനിധിസഭവഴിയായി ഡ്രാഫ്റ്റിംഗ്കമ്മിറ്റിയുടെ ദൃഷ്ടിയിൽ

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. Thanu Pillai.]

പെട്ടെന്നാതെ അതിനു പുറമേ നടക്കുന്ന കാര്യങ്ങളെയും ആശയങ്ങളെയും അടിസ്ഥാനമാക്കി നമ്മുടെ ജോലി നിറുത്തിവയ്ക്കുന്നതു് ശരിയല്ലെന്നായിരുന്ന ഡ്രാഫ്റ്റിംഗ്കമ്മിറ്റിയുടെ ഭൂരിപക്ഷാഭിപ്രായം. എന്നിരുന്നാലും വലിയകുഴപ്പം ഈ വിഷയം സംബന്ധിച്ചു പൊതുവെ ഉണ്ടായിരിക്കുന്ന സ്ഥിതിക്കു് അതിനു ഒട്ടുവളരെ കാരണക്കാർ ഈ പ്രതിനിധിസഭയിലെ അംഗങ്ങളായതുകൊണ്ടും പ്രതിനിധിസഭയുടെ നിലയെന്താണെന്നു വ്യക്തമാക്കണമെന്നു മി. നേശമണി അഭിപ്രായപ്പെട്ടതുകൊണ്ടും ഡ്രാഫ്റ്റിംഗ് കമ്മിറ്റിക്കു ഈ സഭയുടെ അഭിപ്രായം അറിയേണ്ടതായ ഒരു വിഷയത്തെ പുരസ്കരിച്ചും ഈ പ്രമേയം ഇവിടെ ഹാജരാക്കണമെന്നു തീരുമാനിച്ചു. ഈ പ്രമേയം ഡ്രാഫ്റ്റിംഗ് കമ്മിറ്റിയിൽ ശ്രീ. എ. പി. ഉദയഭാനു അവതരിപ്പിക്കയും മി. നേശമണി പിൻതാങ്ങുകയും ചെയ്തു. മി. അബ്ദുള്ളായുടെ എഴുപ്പോട്കൂടി ഭൂരിപക്ഷം അതംഗീകരിച്ചു. ആ പ്രമേയം കമ്മിറ്റി പ്രസിഡൻറായ ഞാൻ ഇവിടെ അതരിപ്പിക്കണമെന്നു ഡ്രാഫ്റ്റിംഗ്കമ്മിറ്റി നിർദ്ദേശിച്ചു. അതനുസരിച്ചാണു് ഈ പ്രമേയം ഞാൻ ഇവിടെ അവതരിപ്പിക്കുന്നതു്. ഇന്നു രാവിലെ ബഡ്ജറ്റു് വാദപ്രതിവാദസമയത്തു് റെപ്രസന്റേറ്റീവുബാഡിയും കമ്മിറ്റികളും കാര്യമായി ഒന്നും ഇതുവരെ ചെയ്തിട്ടില്ലെന്ന ആക്ഷേപം ഉന്നയിച്ചു പ്രസ്താവിച്ചുകേട്ടു. അതു വളരെ ശരിയാണു്. ആ ആക്ഷേപം ഈ പ്രതിനിധിസഭക്കു സമ്മതിക്കാനേ നിവൃത്തിയുള്ളു. എന്നാൽ പല കാരണങ്ങൾകൊണ്ടും ഇതിനകം ഈ പ്രതിനിധിസഭക്കു് അതിന്റെ ജോലിചെയ്തീർക്കാൻ സാധിച്ചില്ലെന്നു മാത്രമല്ല ഗണ്യമായ രീതിയിൽ അതിന്റെ പ്രവർത്തനം പുരോഗമിപ്പിക്കാനും സാധിച്ചിട്ടില്ല. എന്നാൽ അഡൈ്വസറി കമ്മിറ്റിയുടെ ജോലി വളരെ മുമ്പോട്ടുപോയിട്ടുണ്ടു്. ആദ്യമായി തന്നെ പ്രാഥമികാവകാശങ്ങളെപ്പറ്റിയും ന്യൂനപക്ഷ സംരക്ഷണത്തെപ്പറ്റിയും ഇൻഡ്യൻ Constitution –ൽ ഉള്ള വ്യവസ്ഥകളും പൊതുവെ സ്വീകരിച്ചാൽ മതിയാകുമെന്നു ഒരു അഭിപ്രായം പ്രതിനിധിസഭയിൽ ഉണ്ടായെങ്കിലും അതുപോരാ, ഈ സ്റ്റേറിന്റെ പ്രത്യേക പരിതഃസ്ഥിതിയെ പരിഗണിച്ചു് ഈ വിഷയം സംബന്ധിച്ചു് കൂടുതലായി ആലോചിച്ചു റിപ്പോർട്ടു സമർപ്പിക്കാൻ അഡൈ്വസറികമ്മിറ്റി ഉണ്ടാക്കണമെന്നു തീരുമാനിച്ചു. ആ റിപ്പോർട്ടും ഇപ്പോൾ വന്നിട്ടുണ്ടു്.

ഇനി നാം നിശ്ചയിക്കുന്നവെങ്കിൽ നമ്മുടെ ജോലി വളരെ താമസം കൂടാതെ ചെയ്യാവുന്നതാണു്. ഇവിടെ ഇന്നു കാലത്തു് കേട്ട അഭിപ്രായങ്ങളിൽനിന്നു ആ ജോലി ചെയ്തീർക്കുന്നതിനു ഐക്യകേരള

LIBRARY ARCHIVES Kerala Legislative Assembly

പ്രസ്ഥാനമോ കൊച്ചി തിരുവിതാംകൂർ സംയോജനമോ അതല്ല തിരുവിതാംകൂർ മദ്രാസ് പ്രവിശ്യയിൽ ലയിക്കുമെന്നതോ, ഇതൊന്നുംതന്നെ തടസ്സമല്ലെന്നു പൊതുവേ അഭിപ്രായമുണ്ടായി. അതും ശരിയാണു. എനിക്കു പറയാനുള്ളതു്; ഈ രാജ്യത്തെ സംബന്ധിച്ചു് ഭാവിയിൽ എന്തെല്ലാം സംഭവിക്കാമെന്നു തീർത്തു പറയാൻ ഒരിക്കലും സാദ്ധ്യമല്ല. ഇന്നത്തെ പരിതഃസ്ഥിതിയിൽ തിരുവിതാംകൂർ തനിയെ തുടർന്നുകൊണ്ടു പോയി എന്നുവരാം. എന്നാൽ ഇൻഡ്യാഗവണ്മെൻറിന്റെ നാട്ടുരാജ്യങ്ങളെ സംബന്ധിച്ച നയം വച്ചുനോക്കിയാൽ തിരുവിതാംകൂറും കൊച്ചിയും തമ്മിൽ യോജിച്ചുവെന്നുംവരാം. തിരുവിതാംകൂറും കൊച്ചിയും മലബാറും ചേർന്നു ഐക്യകേരളം ഉണ്ടായി എന്നു വരാം. കൊച്ചിയും തിരുവിതാംകൂറും മദ്രാസ് പ്രവിശ്യയിൽ ലയിച്ചുവെന്നുംവരാം. ഇതിൽ ഏതാണു് സംഭവിക്കാൻ പോകുന്നതെന്നു തീരുമാനിക്കാനുള്ള സമയം ആയിട്ടില്ല. ആ തീരുമാനം ചെയ്യുന്നതിൽ തത്പരമായിട്ടായാലും ന്യായം നോക്കി ആയാലും തിരുവിതാംകൂറിലെ ജനങ്ങളുടെ അഭിപ്രായമാണു പുലരേണ്ടതു് എന്നുള്ളതിനു സംശയമില്ല. എന്നാൽ രാഷ്ട്രീയമായ ഈ വക കാര്യങ്ങളിൽ എല്ലാം പല ശക്തികളും പ്രവർത്തനങ്ങളും നടത്തുന്നതായി നാം കാണുന്നുണ്ടു. ഇൻഡ്യാഗവണ്മെൻറിന്റെ നില ഇതിൽ വളരെ ശക്തിയായി പ്രവർത്തിച്ചുവെന്നും വരാം. തിരുവിതാംകൂർകാർക്കു് ഇതിനെക്കുറിച്ചു പറയാനുള്ളതു് ഈ നാട്ടിന്റെ ഭാവി എന്തായിരിക്കണമെന്നു തീരുമാനിക്കാനുള്ള അവകാശം അവരുടേതുതന്നെയാണു എന്നാണു്. തിരുവിതാംകൂറിലെ ജനങ്ങളായ നാമാണു് നമ്മുടെ നാട്ടിന്റെ ഭാവി എന്തായിരിക്കണമെന്നു തീരുമാനിക്കേണ്ടതു്. മറ്റു ശക്തികളെല്ലാം പ്രേരകങ്ങളാകാൻ മാത്രമേ പാടുള്ളു. ഏതായാലും ഈ പ്രതിനിധിസഭ എന്താണു് ചെയ്യേണ്ടതെന്നുള്ളതിനെപ്പറ്റിയാണു് നാം ആലോചിക്കുവാനുള്ളതു്. മാറ്റങ്ങൾ വരുന്നകാലത്തുവന്നുകൊള്ളട്ടെ. അങ്ങനെ മാറ്റങ്ങൾ വന്നേക്കാമെന്ന കരുതി നമ്മുടെ പ്രവർത്തനം തടസ്സപ്പെടുത്തണമോയെന്നുള്ളതു് നിങ്ങളുടെ ആലോചനാവിഷയമാകണമെന്നാണു് ഞാൻ പറയുന്നതു്. അങ്ങനെ ഒന്നുകൊണ്ടും തടസ്സപ്പെടുത്താൻ കാര്യമില്ലെന്നു ഞാൻ പറയുന്നു. നാം പ്രവർത്തിക്കുന്നതു് മഹാരാജാവു തിരുമനസ്സിലെ വിളംബരം അനുസരിച്ചാണു്. ആ വിളംബരത്തിൽ പ്രതിനിധിസഭ വിളിച്ചു കൂട്ടാൻ വ്യവസ്ഥ ചെയ്തിട്ടുള്ളതു് ഈ രാജ്യത്തിന്റെ ഭരണഘടന എഴുതി ഉണ്ടാക്കാനാണു. അതുകൊണ്ടു നിയമദൃഷ്ട്യാ നോക്കിയാൽ—തത്പരമായി നോക്കിയാൽ—തിരുവി

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. Thanu Pillai]

തിരുവിതാംകൂറിന്റെ ഭരണഘടന എഴുതി ഉണ്ടാക്കേണ്ട ജോലി നാം ചെയ്തു തീർക്കണം. അതിനുശേഷം ഉണ്ടാകുന്നതെന്താണെന്നറിയാനായി കാത്തിരിക്കുന്നതു് ശരിയല്ല. ഇപ്പോൾ തന്നെ ഒരു വർഷമായിരിക്കുന്നു. ഇന്നു കാലത്തു്, ഒരുലക്ഷം രൂപാ വരുന്ന ആറുമാസത്തെയ്ക്കു ഇവിടെ അനുവദിച്ചു. ഇങ്ങനെ പൊയ്ക മുതൽ പൊവാക്കുന്നതു് സൂക്ഷിച്ചുവേണം എന്നു ഈകാലത്തു് പ്രത്യേകം ആരും പറയേണ്ട ആവശ്യമില്ല. പണത്തിനു വളരെ ബുദ്ധിമുട്ടുള്ള ഇക്കാലത്തു് എത്രയും സൂക്ഷിച്ചുവേണം അതു ചെലവാക്കുവാൻ. അതുകൊണ്ടു് എത്രയും വേഗത്തിൽ ഈ പ്രതിനിധിസഭയുടെ ജോലി പൂർത്തിയാക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്. അതിന്റെ ആദ്യപടിയായിട്ടു ഈ പ്രമേയം അവതരിപ്പിക്കുകയാണു് ഞാൻ ചെയ്യുന്നതു്.

പ്രതിനിധിസഭയുടെ ജോലി ഇനിയും വളരെക്കാലം നീർഘിച്ചുകൊണ്ടുപോകാതിരിക്കണമെന്നുള്ള ഉദ്ദേശമുള്ളതുകൊണ്ടാണു് ഈ പ്രമേയം ഇവിടെ അവതരിപ്പിക്കാമെന്നുദ്ദേശിച്ചതു്. പ്രമേയം ഇംഗ്ലീഷിലായിരുന്നതുകൊണ്ടു് മലയാളത്തിൽ ഒരു വിശദീകരണം ആവശ്യമാണെന്നു എനിക്കു തോന്നി. ഇംഗ്ലീഷ് അറിഞ്ഞുകൂടാത്ത മെമ്പറന്മാരെ ഉദ്ദേശിച്ചാണു് മലയാളത്തിൽതന്നെ സംസാരിക്കാമെന്നു വിചാരിച്ചതു്. ഇന്നു തിരുവിതാംകൂറിലെ സ്ഥിതിഗതികൾ വച്ചുകൊണ്ടുവേണം നമുക്കു ഒരു ഭരണഘടന രൂപീകരിക്കുവാൻ. മഹാരാജാവുതിരുമനസ്സിലെ പ്രോക്ലമേഷൻ നോക്കിയാൽ തിരുവിതാംകൂറിലെ ഭരണസമ്പ്രദായം ഒരു വ്യവസ്ഥാപിത രാജവാഴ്ചയോടുകൂടിയ ഒരു ഭരണഘടനയായിരിക്കണമെന്നു് കാണാം. നാം ഇന്നു് ഇൻഡ്യാഗവണ്മെൻറുമായിട്ടുള്ള ഉടമ്പടിമൂലം ഭാരതത്തിന്റെ ഒരു ഘടകമായിത്തീർന്നിരിക്കുകയാണു്. അതായതു്, ഇൻഡ്യൻ ജനകീയ റിപ്പബ്ലിക്കിന്റെ ഒരു ഭാഗമായിത്തീർന്നിരിക്കുകയാണു്. ആ സ്ഥിതിക്കു് ഇൻഡ്യൻ ഭരണഘടനയോടു് സദൃശമായ ഒരു ഭരണഘടനയാണു് നമുക്കു വേണ്ടതു്. ഈ തത്വം പ്രതിനിധിസഭ അംഗീകരിക്കുന്നതായാൽ ഡ്രാഫ്റ്റിംഗ്കമ്മിറ്റി അതനുസരിച്ചു് പ്രവർത്തിക്കുകയും ചെയ്യുന്നതാണു്. ഒരു വ്യവസ്ഥാപിത രാജവാഴ്ച എന്നു ഞാൻ മുൻപുപറഞ്ഞതു്, ജനങ്ങളുടെ ഇഷ്ടാനുസരണമുള്ള ഒരു ഉത്തരവാദഭരണത്തിൽ, അതിന്റെ അധിനായകൻ മഹാരാജാവുതിരുമനസ്സുകൊണ്ടായിരിക്കണം എന്നുള്ള അർത്ഥത്തിലാണു്. അതായതു് ജനങ്ങളുടെ ഇഷ്ടാനുസരണമുള്ള വ്യവസ്ഥാപിതരാജവാഴ്ചയാണു

LIBRARY ARCHIVES Kerala Legislative Assembly

നമുക്ക വേണ്ടതു്. അങ്ങിനെ ഉത്തരവാദഭരണത്തോടുകൂടിയ ഒരു രാജവാഴ്ചയാകുമ്പോൾ രാജ്യഭരണംസംബന്ധിച്ചുള്ള സകല അധികാരങ്ങളും ജനങ്ങളിൽ നിക്ഷിപ്തമായിരിക്കുന്നു എന്നുള്ളതിൽ സംശയമില്ല. ജനകീയഭരണം നടപ്പിലിരിക്കുന്ന ഇംഗ്ലണ്ടുമുതലായ രാജ്യങ്ങളിലും ഭരണാധികാരം ജനങ്ങളിലാണു് സ്ഥിതിചെയ്യുന്നതെങ്കിലും രാജവാഴ്ചയെ അവർ നിലനിർത്തിപ്പോരുന്നു. ആ തത്വത്തെ ആസ്പദമാക്കിനോക്കിയാൽ നമുക്കു സിദ്ധിച്ചിട്ടുള്ള ഉത്തരവാദഭരണത്തിലും ഒരു രാജവാഴ്ചയുടെ ആവശ്യം അനിർവാര്യമാണു്. ഭരണഘടനാനിർമ്മാണത്തിനുവേണ്ടി ഇൻഡ്യാഗവണ്മെൻറിൽ നിന്നും ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടു്. ഇൻഡ്യയിലെ എല്ലാ ജനവിഭാഗങ്ങളും സഹകരിക്കുന്ന, ഒരു മാതൃകാപരമായ ഭരണഘടനയായിരിക്കും അവർ നിർമ്മിക്കുന്നതെന്നു്, ന്യായമായി നമുക്കു് ഊഹിക്കാം. അതിനിടയിൽ ഐക്യകേരളം വന്നാലും ശരി തിരുവിതാംകൂർ മെർജർ പ്രശ്നം വന്നാലുംശരി, ഇൻഡ്യൻ ഭരണഘടന, ഇൻഡ്യയിലെന്നല്ല, മറെറവിടെയും ഒരു മാതൃകാഭരണഘടന യായിരിക്കുമെന്നുള്ളതിനു സംശയമില്ല. കൂടാതെ ഇൻഡ്യാഗവണ്മെൻറിൽ നിന്നും നിയോഗിക്കപ്പെട്ട കമ്മിറ്റിയുടെ ഭരണഘടനാനിർമ്മാണം പൂർത്തിയാക്കി അയച്ചുതന്നതിനുശേഷം ഇവിടത്തെ ഭരണഘടന രൂപീകരിക്കുന്നതായിരിക്കും, ഇൻഡ്യാഗവണ്മെൻറിന്റെ ഒരു ഔദ്യോഗിക മുന്നറിയിപ്പു നമ്മുടെ ഗവണ്മെൻറിനു് കിട്ടിയിട്ടുണ്ടെന്നാണു് ഞാൻ അറിയുന്നതു്. എന്നുവിചാരിച്ചു് ഇവിടത്തെ ഭരണഘടനാജോലി നിർത്തിവയ്ക്കണമെന്നോ, അവിടെനിന്നും അയച്ചുതരുന്ന ഭരണഘടന അതേരൂപത്തിൽ തിരുവിതാംകൂറോ, അല്ലെങ്കിൽ മറെറാ നാട്ടുരാജ്യങ്ങളോ സ്വീകരിക്കണമെന്നോ ഇല്ല. പക്ഷേ അതു് ഒരു മാതൃകയായി സ്വീകരിച്ചു് ഒരു ഭരണഘടനയുണ്ടാക്കണമെന്നേ അവക്കു് അഭിപ്രായമുള്ളു. നാം ഇന്നു പരിപൂർണ്ണ ഉത്തരവാദഭരണമാണു് ആവശ്യപ്പെടുന്നതു്. ആ തത്വം അനുസരിച്ചു്, അവരുടെ ഭരണഘടനയിൽ നമുക്കു് ആവശ്യമുള്ള ഭേദഗതികൾ വരുത്തിയശേഷം സ്വീകരിച്ചാൽ മതിയാകും. അതിനുമുൻപായിട്ടു് ഇവിടത്തെ ഭരണഘടനസംബന്ധിച്ചുള്ള ജോലികൾ നീട്ടിക്കൊണ്ടുപോകാതെ പെട്ടന്നു തീർക്കുന്നതും നന്നായിരിക്കും.

MR. D. GNANASIGAMONI As a matter of fact, may I know whether any Communication has been received from the Government of India that we should not frame a constitution for us in Travancore.

LIBRARY ARCHIVES Kerala Legislative Assembly

MR. A. THANU PILLAI : അവർ ഒരു മാതൃകാഭരണഘടനയുണ്ടാക്കുന്നുണ്ട്. അതുക്രടി നോക്കിയതിനുശേഷം നമ്മുടെ ഭരണഘടന പൂർത്തിയാക്കുന്നതായിരിക്കും നല്ലതെന്നാണ് ഇവിടെ അറിയിച്ചിട്ടുള്ളത്. അതു ശരിയാണെന്നാണ് എന്റെയും അഭിപ്രായം.

MR. CHERIYAN J. KAPPAN (*Meenachil III—General*) : ഇതിനെപ്പറ്റി ഇൻഡ്യാഗവണ്മെൻറിൽനിന്നും തിരുവിതാംകൂർ ഗവണ്മെൻറിനു അയച്ചുകൊടുത്ത എഴുത്ത് മെംബർ കണ്ടിട്ടുണ്ടോ.

MR. A. THANU PILLAI : എഴുത്തു ഞാൻ കണ്ടു എന്നു പറഞ്ഞില്ല.

MR. CHERIYAN J. KAPPAN : വായിച്ചുകേട്ടിട്ടുണ്ടോ.

MR. A. THANU PILLAI : അതും ഇല്ല. എങ്കിലും ഞാൻ പറഞ്ഞതു വിശ്വസിക്കാതെ ഈമാതിരിചോദ്യങ്ങൾ ചോദിക്കുന്നതു എന്തു ഉദ്ദേശത്തോടുക്രടിയാണെന്നു എനിക്കു മനസ്സിലാകുന്നില്ല.

MR. CHERIYAN J. KAPPAN : വിവരം ശരിയായി അറിയാമോ എന്നാണു ചോദിക്കുന്നതു്.

MR. A. THANU PILLAI : എനിക്കു ക്രട്ടതലായി ഒരു വിവരവും അറിയാൻ പാടില്ല. ഏതായാലും ആ കാരണത്താൽ നമ്മുടെ ജോലി നിറുത്തിവയ്ക്കണമോ എന്നുള്ളതേ ആലോചിക്കുവാനുള്ളു. അങ്ങനെ ഒരു സംഗതിയിൽ സന്തോഷമേയുള്ളു. അതായതു് ഇതിൽ തടസ്സം പറയുന്നവരിൽ ആരും ഒരു സായോജനകാര്യംകൊണ്ടു് ഇതു് നീക്കിവയ്ക്കണമെന്നു പറഞ്ഞതായി തോന്നുന്നില്ല. അതു സന്തോഷിക്കേണ്ട ഒന്നുതന്നെയാണു്. ഇനി ആ കമ്മിറ്റിയുടെ സാദ്ധ്യതകളെപ്പറ്റിയോ അതിന്റെ നീതിപരമായ അടിസ്ഥാനത്തെപ്പറ്റിയോ ഒന്നും പറയണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല. മാതൃകാഭരണഘടന എഴുതാത്ത നാട്ടുരാജ്യങ്ങളെ സംയോജിപ്പിച്ചിട്ടുണ്ടു്. അങ്ങനെ അവയെല്ലാം സംയോജിപ്പിച്ചതു് ഇൻഡ്യാഗവണ്മെൻറാണു്. ആ രാജ്യങ്ങളിലെല്ലാം ഭരണഘടനാ സംപ്രദായം നടപ്പിലില്ലായിരുന്നു. അവയ്ക്കൊക്കെ ഭരണഘടനകൾ ഉണ്ടായിട്ടില്ല. അതുകൊണ്ടു് ഒരു മാതൃകാഭരണഘടന എഴുതുന്നതിനു ഉത്തമവും സുകരവുമെന്നു് ഗവണ്മെൻറ് ആഫ് ഇൻഡ്യാ സ്റ്റേറ്റുമിനിസ്ട്രി തീരുമാനിച്ചതു് ഇങ്ങനെ ഒരു കമ്മിറ്റി ഉണ്ടാക്കുന്നതിനാണു്. തുടങ്ങിവച്ച നമ്മുടെ ഭരണഘടനയിൽ നാം ചേർക്കേണ്ട തത്വങ്ങളെ അവർ വിസ്മരിക്കുമോ, അതിൽ വിപരീതമായി എന്തെങ്കിലും കാണുമോ

LIBRARY ARCHIVES Kerala Legislative Assembly

എന്നാണും ഇപ്പോൾ ആലോചിക്കണമെന്നില്ല. അതിൽ എന്തെങ്കിലും മാറ്റം ചെയ്യണമെങ്കിൽ അതും ചെയ്യാവുന്നതാണ്. ഏതായാലും ഞാൻ അവതരിപ്പിക്കുന്ന ഡ്രാഫ്റ്റിംഗ് കമ്മിറ്റിയുടെ ഈ പ്രമേയത്തെ സംബന്ധിച്ചിടത്തോളം അതിനെ സ്വീകരിക്കുന്നതിന് അതും ബാധകമാകയില്ലെന്ന് ഈ സഭ ഗ്രഹിക്കണം. പ്രമേയത്തിൽ കാൺസ്റ്റിട്ടൂഷൻ ഇന്ന രീതിയിൽ ആയിരിക്കണമെന്നുമാത്രമേ പറയുന്നുള്ളൂ. ഇതിലുള്ള തത്വങ്ങൾ സ്വീകരിക്കണമെന്നുമാത്രമേ ഞാൻ ഈ പ്രമേയംമൂലം ആവശ്യപ്പെടുന്നുള്ളൂ. ഇതിൽ അടങ്ങിയിരിക്കുന്ന തത്വങ്ങൾ ഉൾക്കൊള്ളുന്നതായ വ്യവസ്ഥകൾ ഏതു രൂപത്തിൽ ഭരണഘടനയിൽ ഉൾപ്പെടുത്തണമെന്നു ഡ്രാഫ്റ്റിംഗ് കമ്മിറ്റി തീരുമാനിച്ചു കഴിഞ്ഞാൽ ആ ഡ്രാഫ്റ്റിംഗ് കമ്മിറ്റിയുടെ ഡ്രാഫ്റ്റ് ഇവിടെ വരുമ്പോൾ ആവശ്യം വേണ്ട ഒരു രൂപം കൊടുക്കേണ്ടതും ഈ സമിതി തന്നെയാണ്. നമ്മുടെ കാൺസ്റ്റിട്ടൂഷൻ ഇൻഡ്യയുടെ സാവറിൻ ഡെമോക്രാറ്റിക്ക് റിപ്പബ്ലിക്കിനു യോജിച്ചതായിരിക്കണം. ഇവിടത്തെ ഗവണ്മെൻറ് കാൺസ്റ്റിട്ടൂഷണൽ മോണാക്കി ആയിരിക്കണം. ആ കാൺസ്റ്റിട്ടൂഷണൽ മോണാക്കിക്കുള്ള അധികാരം ജനങ്ങളിൽനിന്നും ലഭിക്കുന്നതായിരിക്കും. മഹാരാജാവു തിരുമനസ്സുകൊണ്ടു രാജ്യത്തിന്റെ ഹെഡും കാൺസ്റ്റിട്ടൂഷന്റെ അധിനായകനുമായിരിക്കണം. ഈ തത്വങ്ങളിൽ എന്തെങ്കിലും മാതൃകാഭരണഘടനകൊണ്ടു മാറിപ്പോകുമോ എന്നുള്ളതു് ആലോചിക്കണമെന്നേയുള്ളൂ. അങ്ങനെ എന്തെങ്കിലും മാറിയാലും ഇന്നത്തെ നിലയിൽ തിരുവെഴുത്തുവിളംബരത്തിന്റെ വ്യാപ്തിക്കും നാട്ടിന്റെയും ഈ സമിതിയുടേയും സ്ഥിതിക്കു മാറ്റാൻ സാധിക്കുമോ എന്നുള്ളതാണു നാം ആലോചിക്കേണ്ടതു്. പിന്നെ ഈ തത്വങ്ങളും വാചകങ്ങളും അതേപടി സ്വീകരിക്കുന്നതു് ശരിയാകയില്ലെന്നാണ് ഈ സഭക്കു തോന്നുന്നതെങ്കിൽ നിശ്ചയമായും ഭേദഗതികൾമൂലം മാറ്റം ചെയ്യാവുന്നതാണ്. ഇങ്ങനെതന്നെ വേണമെന്നല്ല ഞാൻ പറയുന്നതു്. എങ്കിലും അഭിപ്രായവ്യത്യാസം ഉണ്ടെങ്കിൽ ഭേദഗതികൾ അവതരിപ്പിച്ചു് മാറ്റം ചെയ്യാം. ഈ തത്വങ്ങൾ സ്വീകരിച്ചുകഴിഞ്ഞാൽ ഡ്രാഫ്റ്റിംഗ് കമ്മിറ്റിയുടെ ജോലികൾ തുടർന്നുകൊണ്ടുപോകാൻ സാധിക്കും. അതിനാൽ ഇക്കാര്യം പിന്നൊരവസരത്തിലേക്ക് മാറ്റിവയ്ക്കാവുന്ന ഒരു കാര്യമല്ല. ഇങ്ങനെ എന്തും ചെയ്യാൻ കഴിയുന്നില്ലെങ്കിൽ എന്തിനാണ് ഒരുലക്ഷംരൂപ അനുവദിച്ചു

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. Thanu Pillai]

തെന്നു ഞാൻ ചോദിക്കുന്നു. അഡ്വൈസറികമ്മിറ്റിയുടെ റിപ്പോർട്ടു വന്നുകഴിഞ്ഞു. അതു നമ്മുടെ കയ്യിൽ ഉണ്ടു്. ഈ തത്വം സ്വീകരിക്കാൻ സമിതിക്കു് ഒരുക്കമില്ലെങ്കിൽ ഡ്രാഫ്റ്റിംഗ് കമ്മിറ്റി എന്തു വച്ചാണു ജോലിചെയ്യേണ്ടതു്. കണ്ണും ചെയ്യാനില്ലെങ്കിൽ ഒരു ലക്ഷം രൂപാ ഉർവ്വ്യയമായിത്തീരും. ജോലി ഒന്നും ചെയ്യേണ്ടന്നാണു് വിചാരിക്കുന്നതെങ്കിൽ ഇരുവളരെ ക്ലാക്കന്മാരും, ടൈപ്പിസ്റ്റന്മാരും, പ്യൂൺസും എന്തിനാണു്. അതുകൊണ്ടു് നമ്മുടെ ജോലി നാം തുടർന്നുകൊണ്ടു പോകേണ്ടതാണു്. അതിനാൽ ഈ പ്രമേയത്തിന്റെ തത്വം സ്വീകരിച്ചു് അംഗീകരിക്കേണ്ടതാണു്. പ്രമേയത്തെപ്പറ്റി വേറെ എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അതൊക്കെ ഭേദഗതികൾകൊണ്ടു് മാറ്റാമെന്നുള്ളതാണു്. ഈ പ്രമേയം നിങ്ങളുടെ അംഗീകാരത്തിനായി ഞാൻ സമർപ്പിച്ചുകൊള്ളുന്നു.

MR. JOSEPH MALIECKAL : Sir, I move that the consideration of this question be adjourned *sine die*.

MR. A. NESAMONY : Sir, the motion was not seconded.

MR. P. S. NATARAJA PILLAI : Sir, may I know whether there is a motion now before the House though without being seconded?

MR. PRESIDENT : The Rules of the Representative Body state that a motion can be discussed even if it is not seconded. But the general rule obtained in all Parliamentary procedures is that a motion should be seconded for consideration. I rule that the motion must be seconded before it is taken into consideration. Is there anybody to second the motion?

MR. K. P. NILAKANTA PILLAI : Sir, I second the motion.

ഇതു് വഴിയേപോയ വയ്യാവേലി പിടിച്ചു തലയിൽ കേറിയതുപോലെയാണു്.

On reconsideration I do not propose to second it.

MR. PRESIDENT ; I take it that there is nobody to second the motion.

MR. K. P. NILAKANTA PILLAI: Sir, may I know whether the Members of the Drafting Committee—any one of them—is not bound to second the motion? If not, why this question was placed before the House for causing annoyance to the members?

MR. P. S. NATARAJA PILLAI : May I know Sir, whether there is a Report of the Drafting Committee before the House or whether it was submitted to the President?

MR. PRESIDENT : No.

MR. P. S. NATARAJA PILLAI ; Then how was it included in the agenda?

MR. PRESIDENT : A formal resolution was sent up by Mr. Thanu Pillai on behalf of the Drafting Committee and that resolution is now before the House.

LIBRARY ARCHIVES Kerala Legislative Assembly